പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5100** 27.06.2019-ൽ മറുപടിയ്ക്ക്

## കെ.ബി.പി.എസ്.ൽ പങ്കാളിത്ത പെൻഷൻ

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ. പി.ടി. തോമസ്** | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | കേരള ബുക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.)ക്ക് ഇപ്പോൾ സ്ഥിരമായി മാനേജിംഗ് ഡയറക്ടർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു സ്ഥിരം എം.ഡി.യെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ; | (എ) | സ്ഥിരം മാനേജിംഗ് ഡയറക്ടർ ഇല്ല എന്നതിനാൽ കെ.ബി.പി.എസ്സിന്റെ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | കെ.ബി.പി.എസ്. ൽ 2011 ൽ ആരംഭിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിക്കുള്ള പോരായ്മകൾ പഠിക്കാൻ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; | (ബി) | കെ.ബി.പി.എസ്സ് ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളിന്മേൽ വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചെയർമാനായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (സി) | ഈ കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കാൻ കാലാവധി നിശ്ചയിച്ചിരുന്നോ; | (സി) | ഉത്തരവിന്റെ തീയതി മുതൽ 3 മാസ കാലാവധി നിശ്ചയിച്ചിരുന്നു. |
| (ഡി) | ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ഡി)<br>&<br>(ഇ) | അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചുവരികയാണ്. |
| (ഇ) | ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ഇത് അടിയന്തരമായി ലഭ്യമാക്കുന്നതിനും പെൻഷൻ പദ്ധതിയുടെ പോരായ്മകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ